ആര് കെട്ടുന്നതോ പൊട്ടുന്നതോ പ്രശ്നം?

**ഏറ്റവും കുറഞ്ഞ വിനാശത്തോടെ എന്ത് പരിഹാരം തേടാം എന്നതിന് കൂടിയാലോചനകൾ വേണം. അതിന് ആദ്യം ചെയ്യേണ്ടത് ഇപ്പോൾ നടക്കുന്ന അനാവശ്യ ബഹളം ഒഴിവാക്കുക എന്നതാണ്. ബഹളത്തെ പ്രോത്സാഹിപ്പിക്കുന്ന ഭരണകൂടമാണ് നമുക്കുള്ളത്. ബഹളത്തേക്കാൾ അപകടമാണതെന്ന്**

**ഡോ. ടി.വി. സജീവ്**

# ബഹളങ്ങളല്ല, വ്യക്തതകളാണ് ആവശ്യം

**ജലസേചന** വകുപ്പ് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള അനുമതി തേടിയതിനെ തുടർന്നാണ് പാരിസ്ഥിതിക ആഘാത പഠനം (EIA) നടത്തുന്നതിനായി സർക്കാർ കേരള വനഗവേഷണ കേന്ദ്രത്തെ (KFRI) ഏൽപ്പിക്കുന്നത്. എന്റെ നേതൃത്വത്തിലുള്ള ആറംഗ ശാസ്ത്രസംഘമാണ് പഠനം നടത്തുന്നത്. EIA യുടെ ഭാഗമായുള്ള പ്രാഥമിക വിവരശേഖരണം മാത്രമാണ് ഞങ്ങൾ ഇപ്പോൾ നടത്തിയിട്ടുള്ളത്. നിലവിലുള്ള ഡാമിന്റെ 614 മീറ്റർ താഴെയാണ് പുതിയ ഡാം പണിയാനുദ്ദേശിക്കുന്നത്. ആ പ്രദേശത്തെ പരിസ്ഥിതിയെക്കുറിച്ച് വിശദമായി അറിയാനും ജന്തു-സസ്യ വർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അപഗ്രഥിക്കാനുമുള്ള ശ്രമമാണ് ആദ്യഘട്ടമായി ഞങ്ങൾ നടത്തിയത്. മുല്ലപ്പെരിയാർ ഡാം പുഴയെ തടഞ്ഞുവച്ചിരിക്കുകയാണ്. ഡാമിന് താഴേക്ക് 116 വർഷത്തിലധികമായി പുഴ ഒഴുകുന്നില്ല. പുഴയുടെ അസാന്നിധ്യം കാരണം നാശം സംഭവിച്ച പരിസ്ഥിതിയാണ് ഡാമിന് താഴേക്കുള്ളത്. എന്നാൽ ഗുണപ്പെടുത്താനുള്ള ശ്രമം നടത്തിയാൽ വളരെ വേഗം മെച്ചപ്പെട്ട അവസ്ഥയിലേക്ക് തിരിച്ചുവരുന്ന പരിസ്ഥിതിയാണ് അവിടെയുള്ളത്. ഡാം പണിയണമെന്ന് ആഗ്രഹിക്കുന്നവരാരും പരിസ്ഥിതിയെക്കുറിച്ച് ബോധവാന്മാരല്ല. താഴേക്കുള്ള പുഴയുടെ നീരൊഴുക്ക് ഉറപ്പ്വരുത്താതെ ഇനിയെങ്കിലും ഡാമിനെക്കുറിച്ച് ചിന്തിക്കരുത്.

പുതിയ ഡാം നിർമ്മിക്കാൻ പരിസ്ഥിതി പ്രശ്നമില്ലെന്ന് കെ.എഫ്.ആർ.ഐ നടത്തിയ EIA യിൽ കണ്ടെത്തിയതായി മലയാള മനോരമ പത്രം എഴുതുകയുണ്ടായി. പൂർണ്ണമായും തെറ്റായ വാർത്തയാണിത്. മുല്ലപ്പെരിയാറിലെ പുതിയ ഡാമിനെക്കുറിച്ചുള്ള EIA ഞങ്ങൾ പൂർത്തിയാക്കിയിട്ടില്ല. പുഴയൊഴുകാത്തതിനാൽ നാശം സംഭവിച്ച പരിസ്ഥിതിയാണ് പുതിയ ഡാം പണിയാൻ ഉദ്ദേശിക്കു

ന്ന സ്ഥലത്തുള്ളതെന്ന് നിലവിലെ അവസ്ഥ വിലയിരുത്തുന്ന ഒരു പ്രാഥമിക റിപ്പോർട്ട് പുറത്തിറക്കുക മാത്രമാണ് ഞങ്ങൾ ചെയ്തത്. ഡാം നിർമ്മിച്ചാൽ പരിസ്ഥിതി നാശമുണ്ടാകുമെന്നല്ല അതിനർത്ഥം. പുതിയ ഡാം നിർമ്മിക്കുമ്പോൾ പെരിയാർ കടുവാസങ്കേതത്തിനുള്ളിൽ 50 ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകും. ഇത് വലിയ നാശമാണ്. അതുകൊണ്ടുതന്നെ നിരവധി കടമ്പകൾ കടന്നുപോയാൽ മാത്രമെ പുതിയ ഡാമിനുള്ള അനുമതി ലഭിക്കുകയുള്ളൂ. EIA തയ്യാറാക്കുന്ന കെ.എഫ്.ആർ.ഐ അല്ല പുതിയ ഡാമിന് അനുമതി അനുമതി നൽകുന്നത്. EIA പരിസ്ഥിതിക്കുണ്ടാകുന്ന അപകടങ്ങൾ ചൂണ്ടിക്കാട്ടുകയും അതൊഴിവാക്കാനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുകയും മാത്രമാണ് ചെയ്യുന്നത്. അന്തിമ തീരുമാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റേതാണ്. അതിനെല്ലാം ഒരുപാട് താമസമെടുക്കും. ബഹളം കൂട്ടിയിട്ട് കാര്യമില്ല.

പഴയ ഡാം സുരക്ഷിതമല്ല എന്നതാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള കാരണമായി ജലസേചന വകുപ്പ് പറയുന്നത്. എന്നാൽ തമിഴ്നാടിന് ഡാമിന്റെ സുരക്ഷയെക്കുറിച്ച് നല്ല പ്രതീക്ഷയാണ്. ഡാം ബലപ്പെടുത്താൻ അവർ ഒരുപാട് പണം കാലാകാലങ്ങളിൽ അവർ ചിലവഴിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് അതിനെക്കുറിച്ച വ്യക്തമായ ഉറപ്പുണ്ടാകും. മാത്രമല്ല ജലസേചനം പ്രശ്നങ്ങളൊന്നുമില്ലാതെ തുടരേണ്ടത് അവരുടെ ജീവൻ മരണ പ്രശ്നവുമാണ്. ഭൂകമ്പമാപിനിയിൽ രണ്ടിൽ താഴെ രേഖപ്പെടുത്തുന്ന ഭൂചലനങ്ങളെ അന്താരാഷ്ട്ര കണക്കുകൾ ഭൂചലനമായിപ്പോലും പരിഗണിക്കാത്തതുകൊണ്ട് ഡാം പൊട്ടുമെന്നും തമിഴ്നാടിന് പേടിയില്ല. ആറിന് മുകളിലുള്ള ഭൂചലനത്തെ അതിജീവിക്കാൻ ഡാമിന് മാത്രമല്ല, ഒരു മനുഷ്യ നിർമ്മിതിക്കും സാധ്യമല്ല. അതുകൊണ്ട് ഭൂചലനത്തെ പേടിക്കുന്നതിൽ വലിയ അർത്ഥമില്ല. കേരള ജലസേചന വകുപ്പാണ് ഡാമിന് വേണ്ടി ബഹളം കൂട്ടുന്നത്. സാമ്പത്തിക താത്പര്യങ്ങളാണ് അവർക്കുള്ളത്. വലിയ കൺസ്ട്രക്ഷൻ നടക്കണമെന്നത് അതുകൊണ്ടുതന്നെ അവർക്ക് അത്യാവശ്യമാണ്. ഡാം നിർമ്മിക്കുന്നതിനാവശ്യമായ കല്ലുകളെടുക്കുന്നതിന് കാടിനോട് ചേർന്ന് ചില ക്വാറികൾ തന്നെ അവർ കണ്ടുവച്ചിട്ടുണ്ട്.




**ശാസ്ത്രസമൂഹത്തിന് വലിയ ഉത്തരവാദിത്തമുള്ള സമയമാണിത്. പ്രതിസന്ധി നേരിടുന്ന സമൂഹത്തെ വിദഗ്ധ അറിവുകൾ സ്വാംശീകരിച്ച് ഉത്തരത്തിലേക്ക് നയിക്കാൻ ശാസ്ത്രസമൂഹത്തിന് കഴിയണം. അതിനുവേണ്ടിയാണ് സർക്കാർ അവരെ സംരക്ഷിക്കുന്നത്. മുല്ലപ്പെരിയാർ വിഷയത്തിൽ അത്തരമൊരു ഇടപെടലിന് ശാസ്ത്രസമൂഹം തയ്യാറാകണം. അതിനുള്ള സമയവും അവസരവും സർക്കാർ അവർക്ക് നൽകണം. ദൗർഭാഗ്യവശാൽ വെറുതെ ബഹളം വയ്ക്കുന്നവർക്കാണ് ഇപ്പോൾ കൂടുതൽ വേദി ലഭിക്കുന്നത്.**

ഇപ്പോൾ നടക്കുന്ന ബഹളങ്ങൾ ഒന്നിനും പരിഹാരമുണ്ടാക്കുകയില്ല. പ്രശ്നം വ്യക്തമായി മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ആരും നടത്തുന്നില്ല. എറണാകുളം നഗരത്തിലുള്ളവർ മെഴുകുതിരി കത്തിച്ച് പ്രതിഷേധിക്കുമ്പോൾ കുമിളിയിലെ അതിർത്തിഗ്രാമങ്ങളിൽ പ്രതിഷേധം സംഘർഷമായി മാറുന്നു. ഡാം പൊട്ടിയാൽ മുങ്ങിപ്പോകുമല്ലോ എന്ന പേടി മാത്രമാണ് ഈ പ്രതിഷേധങ്ങളുടെയെല്ലാം പിന്നിലുള്ളത്. വലിയ സമരങ്ങൾ നടത്തുന്ന രാഷ്ട്രീയ പാർട്ടികൾ രാഷ്ട്രീയ നേട്ടങ്ങളും സാഹചര്യങ്ങളും പരിഗണിച്ചശേഷമാണ് ബഹളം കൂട്ടാൻ തുടങ്ങിയിരിക്കുന്നത്. വിവേകത്തിന് എവിടെയും ഇടം കിട്ടുന്നില്ല. ബഹളങ്ങൾക്കിടയിൽ പ്രതിശബ്ദങ്ങളെല്ലാം വളരെ ദുർബലമായിരിക്കുന്നു.

ശാസ്ത്രസമൂഹത്തിന് വലിയ ഉത്തരവാദിത്തമുള്ള സമയമാണിത്. പ്രതിസന്ധി നേരിടുന്ന സമൂഹത്തെ വിദഗ്ധ അറിവുകൾ സ്വാംശീകരിച്ച് ഉത്തരത്തിലേക്ക് നയിക്കാൻ ശാസ്ത്രസമൂഹത്തിന് കഴിയണം. അതിനുവേണ്ടിയാണ് സർക്കാർ അവരെ സംരക്ഷിക്കുന്നത്. മുല്ലപ്പെരിയാർ വിഷയത്തിൽ അത്തരമൊരു ഇടപെടലിന് ശാസ്ത്രസമൂഹം തയ്യാറാകണം. അതിനുള്ള സമയവും അവസരവും സർക്കാർ അവർക്ക് നൽകണം. ദൗർഭാഗ്യവശാൽ വെറുതെ ബഹളം വയ്ക്കുന്നവർക്കാണ് ഇപ്പോൾ കൂടുതൽ വേദി ലഭിക്കുന്നത്.

പുഴകൾ കടലിലെത്തേണ്ടത് കേര

ളത്തിന്റെ പരിസ്ഥിതിക്ക് വളരെ അത്യന്താപേക്ഷിതമായ കാര്യമാണ്. കടൽനിരപ്പിനോളം താഴ്ന്നുകിടക്കുന്ന പ്രദേശങ്ങളാണ് കേരളത്തിന്റെ പടിഞ്ഞാറുള്ളത്. പുഴ കടലിലെത്തിയില്ലെങ്കിൽ ഉപ്പുവെള്ളം പുഴയിലേക്ക് കയറും. നമ്മുടെ കുടിവെള്ളം മുട്ടും. കൊച്ചിയിലെ എലൂർ-എടയാർ വ്യാവസായിക മേഖലയിലെ എല്ലാ വ്യവസായങ്ങളും മാലിന്യം പുഴയിലേക്ക് വിടുന്നത് പുഴയിലെ നിലവിലുള്ള വെള്ളത്തിന്റെ അളവ് പരിഗണിച്ചാണ്. എന്നാൽ വർഷം തോറും പുഴയിലെ വെള്ളത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ വലിയ മാലിന്യവിപത്തിനും കേരളത്തിൽ സാധ്യതയുണ്ട്. ഇത്തരം നിരവധി കാര്യങ്ങൾ പരിഗണിച്ചുകൊണ്ടു മാത്രമെ പുഴയുടെ ഒഴുക്കിനെക്കുറിച്ച് സംസാരിക്കാൻ കഴിയുകയുള്ളൂ. വെള്ളം കടലിലേക്ക് വെറുതെ ഒഴുക്കിക്കളയുകയാണെന്ന വിവരമില്ലായ്മ കേരളത്തിൽ വ്യാപകമാണ്. വൃഷ്ടിപ്രദേശത്ത് തുടർച്ചയായി പെയ്യുന്ന ചാറ്റൽമഴ മുല്ലപ്പെരിയാർ ഡാമിന് ഭീഷണിയാകുന്നു എന്നാണ് ചാനലുകളും പത്രങ്ങളും കഴിഞ്ഞ കുറേനാളുകളായി സംസാരിക്കുന്നത്. മഴപോലും ഭീഷണിയായി കരുതുന്ന സമൂഹമായി കേരളീയർ മാറിയിരിക്കുന്നു. നിരവധിപേർ വർഷങ്ങൾ പരിശ്രമിച്ചതിന്റെ ഫലമായി നിർമ്മിച്ചെടുത്ത മലയാളിയുടെ പാരിസ്ഥിതിക ബോധത്തിന് ഇത്തരം കാഴ്ച്ചപ്പാടുകൾ ഭീഷണിയായിമാറും. പാരിസ്ഥിതിക ബോധം സമൂഹത്തിന്റെ എല്ലാതലങ്ങളിലേക്കും വേണ്ടത്ര വ്യാപിക്കാത്തതിന്റെ പ്രശ്നമായും ഇതിനെ കരുതാം. പരിസ്ഥിതിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കേരളത്തിൽ ആദ്യം നിർമ്മിച്ചെടുത്തത് സാഹിത്യത്തിലൂടെയായിരുന്നു. എന്നാൽ സാഹിത്യം എല്ലാവരും പങ്കുവയ്ക്കുന്ന മാധ്യമമായിരുന്നില്ല. മണൽവാരൽ തൊഴിലാളി പരിസ്ഥിതി വിരുദ്ധനും മണൽവാരലിനെതിരെ കവിതയെഴുതിയവർ പരിസ്ഥിതി സ്നേഹികളുമാകാൻ കാരണം അതാണ്. മണൽവാരൽ തൊഴിലാളികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി പരിസ്ഥിതിയുടെ പ്രശ്നങ്ങൾ കാണിച്ചുകൊടുക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. തമിഴ്നാടിന് എത്രവേണമെങ്കിലും വെള്ളം കൊടുക്കാം, പുതിയ ഡാം കെട്ടിയാൽ മതിയെന്ന് ഇന്ന് കേരളസമൂഹം അന്ധമായി പറയുന്നതിന്റെ ഒരുപ്രധാന കാരണം ഇതാണ്.

ഡാം വേണമോ എന്ന കാര്യത്തിൽ പുഴ ഒഴുകുക എന്നതുതന്നെയാണ് പ്രധാനമെന്നാണ് ഞാൻ കരുതുന്നത്. എന്റെ പാരിസ്ഥിതികമായ നിലപാട് അതാണ്. വെള്ളത്തിന്റെ ഉപയോഗം എങ്ങനെ കുറയ്ക്കാം എന്നതിനെക്കുറിച്ച് തമിഴ്നാട് ചിന്തിക്കേണ്ടിയിരിക്കുന്നു. ജലസേചനം കുറയ്ക്കാൻ കഴിയുന്ന വിളകൾ കൃഷിചെയ്യുന്നതിന് അവർ ശ്രമിക്കണം. അതിനുള്ള ആലോചനകൾ അടിയന്തിരമായി തുടങ്ങണം.

പെരിയാർ കടുവാസങ്കേതത്തിന്റെ വന്യജീവിസമ്പത്തിന്റെ സ്വാധീനിക്കുന്ന നിർമ്മിതിയായി 116 വർഷം കൊണ്ട് മുല്ലപ്പെരിയാർ ഡാം മാറിയിരിക്കുന്നു. ഡാം പെട്ടെന്ന് പൊളിച്ചുമാറ്റുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ വനത്തേയും വന്യജീവികളേയും സാരമായി ബാധിക്കും. അതും പഠിക്കേണ്ടതുണ്ട്. ഡാം പൊളിച്ചാൽ തന്നെ പഴയ ഭീമൻ നിർമ്മിതിയുടെ അവശിഷ്ടങ്ങൾ എന്തുചെയ്യും എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണവേണം. പുതിയ ഡാമിന് വേണ്ട അസംസ്കൃതവസ്തുക്കൾ എവിടെ നിന്നും കണ്ടെത്തും എന്നും ചിന്തിക്കേണ്ടതുണ്ട്. ഏറ്റവും കുറഞ്ഞ വിനാശത്തോടെ എന്ത് പരിഹാരം തേടാം എന്നതിന് കൂടിയാലോചനകൾ വേണം. അതിന് ആദ്യം ചെയ്യേണ്ടത് ഇപ്പോൾ നടക്കുന്ന അനാവശ്യ ബഹളം ഒഴിവാക്കുക എന്നതാണ്. ബഹളത്തെ പ്രോത്സാഹിപ്പിക്കുന്ന ഭരണകൂടമാണ് നമുക്കുള്ളത്. ബഹളത്തേക്കാൾ അപകടമാണത്.

ഇടുക്കി ജില്ലയിലെ യാഥാർത്ഥ ബോംബ് മുല്ലപ്പെരിയാറല്ല, കീടനാശിനികളാണ്. അത്രയ്ക്ക് വ്യാപകമാണ് അവിടെ കീടനാശിനി പ്രയോഗം. കാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾ ഇടുക്കിയിലെമ്പാടും പതിവാകുന്നു. കാസർഗോഡ് നിന്നും വന്നതുപോലെയുള്ള വാർത്തകൾ പുറത്ത് വരുന്നില്ല എന്നുമാത്രം. ഹൈറേഞ്ചിലെ ഏലത്തിലടിക്കുന്ന കീടനാശിനികൾ മുതൽ താഴെത്തട്ടിലെ റബ്ബറിൽ അടിക്കുന്നവ വരെ ഒലിച്ചിറങ്ങി പുഴകളിലേക്കാണ് എത്തുന്നത്. ഇടുക്കിയിലെ പരിസ്ഥിതി ഇന്ന് അടയാളപ്പെടുത്തേണ്ടത് ഈ കീടനാശിനി പ്രശ്നത്തിന്റെ പേരിലാണ്.

അറിവിന്റെ മുകളിൽ വിപ്ലവം നടക്കുന്ന കാലമാണിത്. ഒരു വിഷയത്തെക്കുറിച്ചുള്ള അറിവുകൾ പല വഴികളിലൂടെ നമ്മളിലേക്ക് എത്തിക്കൊണ്ടേയിരിക്കുന്നു. എന്നാൽ ആ അറിവുകളെ സ്വാംശീകരിച്ച് പക്വതയുള്ള തീരുമാനങ്ങളെടുക്കാനുള്ള കഴിവ് സമൂഹത്തിന് നഷ്ടമായിരിക്കുന്നു. ഡാം 999 പോലെയുള്ള സിനിമകളും മുല്ലപ്പെരിയാൽ പൊട്ടുന്നതിനെക്കുറിച്ചുള്ള ഭീതിപരത്തുന്ന ചിത്രങ്ങളും ഇന്റർനെറ്റിൽ വ്യാപകമാവുകയും ആളുകളുടെ ഭയം ആവശ്യമില്ലാത്തവിധം വർദ്ധിക്കുകയും ചെയ്യുന്നത് അതുകൊണ്ടാണ്. പലതരത്തിലുള്ള വിവരങ്ങളും ഈ രീതിയിൽ ഇന്റർനെറ്റിലൂടെ വ്യാപിക്കുന്നുണ്ട്. വേണ്ടത് മാത്രം തിരഞ്ഞെടുക്കാനുള്ള ജാഗ്രത നമ്മൾ പുലർത്തേണ്ട കാലമാണിത്. അറിവിന്റെ കാര്യത്തിൽ വിപ്ലവാത്മകമായ വ്യാപനമുണ്ടായെങ്കിലും ആ അറിവിൽ നിന്നും തിരിച്ചറിവിലേക്ക് പോകാൻ സമൂഹം പ്രാപ്തമായിട്ടില്ല.


## പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫർ എൻ.എ. നസീറിനോടൊപ്പം ഒരു യാത്ര

**ജനുവരി 6,7,8 തീയതികളിൽ**
**മൂന്നാറിലെ ടോപ്പ്സ്റ്റേഷനിൽ നിന്നും**
**ചിലന്തിയാർ വഴി കോവിലൂരിലേക്ക്**

ശീതകാല പച്ചക്കറികൾ വിളയുന്ന പളനി ഹിൽസിലെ ഗ്രാമങ്ങളുടെയും ഷോല ക്കാടുകളുടെയും സൗന്ദര്യം ആസ്വദിച്ച് മൂന്ന് ദിവസം ട്രക്കിംഗ്. 40 വർഷമായി കാടിനോടൊപ്പം കഴിയുന്ന വനചാരി മനോഹരനും അനുഭവങ്ങളുമായി ഒപ്പമുണ്ടാകും. താമസവും ഭക്ഷണവും ഉൾപ്പെടെ മൂന്ന് ദിവസത്തേക്ക് 3500 രൂപ ചെലവ് വരും. ഡിസംബർ 31ന് ഉള്ളിൽ തുക കേരളീയത്തിൽ എത്തിക്കുക. യാത്രാസൗകര്യം ഏട്ട് പേർക്ക് മാത്രം. നിങ്ങൾ ഉടൻ വിവരം അറിയിക്കുമല്ലോ?
ബന്ധങ്ങൾക്ക്: 9446576943, 9747062146